750 രൂപാ വരെ നൽകാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്. ഖാദിത്തൊഴിലാളികളിൽ മാരകരോഗം പിടിപെടുന്നവരുടെ ചികിത്സയ്ക്കുവേണ്ടി ഒരു ഫണ്ടിന് രൂപം നൽകാൻ ഖാദിത്തൊഴിലാളി ക്ഷേമനിധി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(സി) ഖാദിത്തൊഴിലാളികളുടെ മേഖലയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അവരുടെ സംഘടനകളുമായി കൂടിയാലോചിച്ച് പരിഹരിക്കുവാൻ സംവിധാനം നിലവിലുണ്ട്.

ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി

*14 [41] *ശ്രീ. റോഷി അഗസ്റ്റിൻ:*

" *തോമസ് ചാഴികാടൻ:*

" *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രെയിനിൽ സ്ത്രീകളുടെ കമ്പാർട്ടുമെന്റിൽ കവർച്ചക്കാരും സാമൂഹ്യവിരുദ്ധരും കടന്നുകൂടി ശല്യം ചെയ്യുന്നത് സംബന്ധിച്ച വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിജസ്ഥിതി അറിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതു സംബന്ധിച്ച എത്ര പരാതികൾ യാത്രക്കാരിൽനിന്ന് ലഭിച്ചിട്ടുണ്ട്;

(ഡി) സ്ത്രീകളുടെ കമ്പാർട്ടുമെന്റിൽ വനിതാ പോലീസിനെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ട്രെയിൻ യാത്രക്കാരുടെ യാത്രാസുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഉണ്ട്.

(ബി) ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവയുടെ നിജസ്ഥിതി അറിയുന്നതിനായി വിശദമായ അന്വേഷണം നടത്തി മേൽനടപടികൾ സ്വീകരിക്കാറുണ്ട്. ഇതോടനുബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും, അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

(സി) ഇതു സംബന്ധിച്ച് 19 പരാതികൾ കേരളാ റെയിൽവേ പോലീസിന്റെ വിവിധ പോലീസ് സ്റ്റേഷനുകളിൽ ലഭിച്ചിട്ടുണ്ട്.

(ഡി) & (ഇ) ആവശ്യമെന്നു കാണുന്ന അവസരങ്ങളിൽ സ്ത്രീകളുടെ കമ്പാർട്ടുമെന്റുകളിൽ വനിതാ പോലീസിനെ നിയോഗിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തീവണ്ടികളുടെ ബാഹുല്യം കാരണം ഇതൊരു സ്ഥിരം സംവിധാനമാക്കിയിട്ടില്ല. എങ്കിലും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

മദ്യകള്ളക്കടത്ത് കണ്ടെത്തുന്നതിന് സംവിധാനം

*15 [42] *ശ്രീ. എം. മുരളി:*

,, എം. എം. ഹസ്സൻ:

,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് മത്സ്യം, മലക്കറി എന്നിവ കയറ്റിവരുന്ന ലോറികളിൽ സ്പിരിറ്റും വിദേശമദ്യവും കടത്തുന്നത് വ്യാപകമായിട്ടുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പിരിറ്റ്, മദ്യം കള്ളക്കടത്ത് കണ്ടെത്താൻ അത്യന്താധുനിക സംവിധാനങ്ങൾ അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥാപിക്കാനുദ്ദേശമുണ്ടോ;

(സി) സ്പിരിറ്റിന്റേയും മദ്യത്തിന്റേയും കള്ളക്കടത്തുവഴി പ്രതിവർഷം ഗവൺമെന്റിന് എന്തു നഷ്ടമുണ്ടാകുന്നു എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നഷ്ടം കണക്കാക്കിയിട്ടില്ല.

കേരള ലോട്ടറി സമ്പൂർണ്ണമായി പുനഃസ്ഥാപിക്കാൻ നടപടി

*16 [43] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*

ശ്രീ. എം. പ്രകാശൻ മാസ്റ്റർ:

,, എ. കെ. ബാലൻ:

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോട്ടറി പുനഃസ്ഥാപിച്ചശേഷം കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ ഏതൊക്കെ ലോട്ടറികളാണ് നടത്തി വരുന്നത്;

(ബി) പേപ്പർ ലോട്ടറി സംരക്ഷിക്കുന്നത് സംബന്ധിച്ച് കേന്ദ്രവുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം സർക്കാർ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly